# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 3/1003/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 21/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 3/1003/2022 തീയ്യതി: 21/06/2022

## കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-06-2022 | 15-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-06-2022 | 15-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ.കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീ.ജയകുമാർ പാലോളി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജയൻ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഷിബിൻ കെ.എസ്, ഓഡിറ്റർ

ശ്രീ.വിജേഷ് കെ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എ.കെ.നാരായണി | പ്രസിഡന്റ് | 01-04-2020 | 14-01-2021 |
| ശ്രീ. ബാബു.കെ | പ്രസിഡന്റ് | 15-01-2021 | 31-03-2021 |
| ശ്രീ. സതീഷ് ബാബു.പി.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജഗദീഷ്.എം.കെ | അസി. സെക്രട്ടറി(ഇൻ-ചാർജ്) | 01-04-2020 | 23-06-2020 |
| ശ്രീ. സന്തോഷ്.സി | അസി. സെക്രട്ടറി | 24-06-2020 | 31-03-2021 |
| ഡോ. ജിത്തു.കെ.എസ് | വെറ്ററിനറി സർജൻ | 01-04-2020 | 23-01-2021 |
| ഡോ. ആലിക്കുട്ടി | വെറ്ററിനറി സർജൻ | 23-01-2021 | 31-03-2021 |
| ഡോ. ഗ്രീഷ്മപ്രിയ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. സജിത്ത്.വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സുനില | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 21-01-2021 |
| ഡോ. ജയാന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 22-01-2021 | 31-03-2021 |
| ശ്രീമതി. മുഫീദ നീതു.എൻ.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജൂമി.കെ.എം | അസി. എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. റീജ.പി | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ലൗലി മാത്യൂ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-08-2020 |
| ശ്രീമതി. നീതു വർഗീസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-09-2020 | 31-03-2021 |
| ശ്രീമതി. നിത്യ.ബി | വി.ഇ.ഒ | 01-04-2020 | 23-10-2020 |
| ശ്രീ. നിസാർ.യു.പി | വി.ഇ.ഒ | 23-10-2020 | 31-03-2021 |
| ശ്രീ. സാബു.എ | വി.ഇ.ഒ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shibin K S (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 13-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayakumar Paloli (Asst. Audit Officer, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-7 |
| 10 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-9 |
| 13 | വസ്തു നികുതി കണക്കാക്കിയതിൽ അപാകത-പഞ്ചായത്തിന് വരുമാനത്തിൽ നഷ്ടം<br>Written By: Vijesh K.K (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-10 |
| 14 | സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലെ അധിക നിർമ്മാണത്തിന് ഫീസ് ഈടാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു.<br>Written By: Vijesh K.K (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-11 |
| 15 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.<br>Written By: Vijesh K.K (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-12 |
| 16 | എഫ്.ടി.ഇ.&.ഒ ലൈസൻസ് അപാകതകൾ | 1-13 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | |
| 17 | പള്ളിയാറപൊയിൽ കുളത്തിൽ റോഡ് നിർമ്മാണം-കരിങ്കൽ കെട്ട് നിർമ്മാണത്തിലെ അപാകത<br>Written By: Jayakumar Paloli (Asst. Audit Officer, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-14 |
| 18 | സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലല്ലാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-15 |
| 19 | ഇ-ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Jayakumar Paloli (Asst. Audit Officer, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-16 |
| 20 | യാതൊരു അടിസ്ഥാനസൗകര്യങ്ങളുമില്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിക്ക് കെട്ടിടം പണിയുന്നതിന് നാളിതുവരെ സാധിച്ചില്ല-രോഗികളോട് കാണിക്കുന്ന കടുത്ത അവഗണന<br>Written By: Jayan P (Senior Grade Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-17 |
| 21 | തെങ്ങിന് ജൈവവളം- കർഷകർ സമീകൃത ജൈവവളം വാങ്ങിയെന്ന് ഉറപ്പുവരുത്തിയില്ല<br>Written By: Jayan P (Senior Grade Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-18 |
| 22 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-19 |
| 23 | ലൈഫ് ഭവന പദ്ധതി രേഖകൾ പൂർണ്ണമായും കൃത്യമായും ഓഡിറ്റിന് ഹാജരാക്കിയില്ല<br>Written By: Jayan P (Senior Grade Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-20 |
| 24 | റിങ്ങ് കമ്പോസ്റ്റ് സമയബന്ധിതമായി സ്ഥാപിച്ചു നൽകിയില്ല<br>Written By: Jayan P (Senior Grade Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-21 |
| 25 | പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Sathish Kumar K (Audit Officer (HG), On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-22 |
| 26 | ക്ഷീരകർഷകർക്ക് പാൽ സബ്ഡിഡി-പദ്ധതിയിൽ വകയിരുത്തിയ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം ഭാഗികമായി മാത്രമേ ലഭ്യമായുള്ളൂ<br>Written By: Jayan P (Senior Grade Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-23 |
| 27 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-24 |
| 28 | അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയില്ല-അഗതികളുടെ സമഗ്രവികസനം സാദ്ധ്യമായില്ല<br>Written By: Jayan P (Senior Grade Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-25 |
| 29 | മത്സ്യകൃഷി പ്രോത്സാഹനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: Jayan P (Senior Grade Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-26 |

| | | |
|---|---|---|
| 30 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-27 |
| 31 | പഞ്ചായത്ത് പ്രദേശത്തെ മരം മുറിച്ചത് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Shibin K S (Auditor, On 16-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 16-06-2022)<br>Last Updated By: Shibin K S (Auditor, On 16-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 14-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 14-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 17-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 14-06-2022)<br>Last Updated By: Vasudevan M (Deputy Director, On 21-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 19.03.2020 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 19.02.2021 തീയതിയിലെ തീരുമാന നമ്പർ 1 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2020-21 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 1,15,21,504 |
| വരവ് | 26,39,47,900 |
| ആകെ | 27,54,69,404 |
| ചെലവ് | 26,54,24,572 |
| നീക്കിയിരിപ്പ് | 1,00,44,832 |

തനത് വരുമാനം -ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വാർഷികകണക്കുകൾ പ്രകാരമുള്ള വരുമാനവുമായുള്ള വിടവ് ഇത് വ്യക്തമാക്കുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്ക പ്രകാരം വരവ് |
|---|---|---|
| 110 - നികുതി വരവുകൾ | 32,50,000 | 29,22,590 |
| 130-നികുതിയിതര വരവുകൾ | 3,25,000 | 1,07,430 |
| 140-ഫീസ് & യൂസർചാർജ്ജസ് | 6,77,000 | 5,07,196 |
| 180 - മറ്റു വരവുകൾ | 1,45,000 | 30,500 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല

ബജറ്റ് രേഖകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ
3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും
4. പെർഫോമൻസ് ബജറ്റ്
5. ജെൻഡർ ബജറ്റ്

എന്നാൽ 2020-2021 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 11.05.2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഡെപ്പോസിറ്റ് ഇനത്തിൽ 2019-20 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2020-21 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2020-21 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 10,60,079 രൂപയും 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 10,41,063 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-36) ഷെഡ്യൂൾ പ്രകാരം Advance Collection Of Revenues - Licence Fees For Dangerous & Offensive Traders ഇനത്തിലെ വരവ് 18,000 രൂപയാണ്. എന്നാൽ എഫ്.ടി.ഇ.എ & ഒ.എസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ Licence Fees For Dangerous & Offensive Traders ഇനത്തിലെ അഡ്വാൻസ് കളക്ഷൻ 15,500 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3. വസ്തുനികുതി ഇ-പെയ്മെന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, ചീക്കുന്നുമ്മേൽ, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67389606840) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മന്റ് തീയതി | തുക |
|---|---|
| 08.12.2020 | 1397 |
| 28.12.2020 | 8028 |
| 19.01.2021 | 7449 |
| 25.01.2021 | 3251 |

| | |
|---|---|
| 01.03.2021 | 7472 |
| 04.03.2021 | 1751 |

4. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി 3) എന്നത് ഫിക്സഡ് അസറ്റിന്റെയും (B11) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെയും (B-11a) ആകെ തുകയായിരിക്കണം. എന്നാൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ഇവ തമ്മിൽ 35,89,445/-രൂപയുടെ വ്യത്യാസം കാണുന്നു.

5. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ കളക്ഷൻ 6,31,950 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം കളക്ഷൻ തുക 5,16,400 രൂപയാണ് .

6. 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി 5 സ്റ്റേറ്റ്മെന്റ് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി യിൽ തിരിച്ചടയ്ക്കാനായി 2,23,54,666/- രൂപ ഉണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ തിരിച്ചടവ്, ബാലൻസ് എന്നിവയുടെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 1,02,500/- രൂപയുടെ സ്റ്റോർസ് 2020-21 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

8. 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP34-Deposit ചെലവ് ഭാഗം) ഷെഡ്യൂൾ പ്രകാരം Contractor's Retention ഇനത്തിലെ ചെലവ് 13,544 രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ Contractor's Retention ഹെഡിൽ ചെലവ് ഇല്ല.

9. 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 പ്രകാരം Rent Recievables From Buildings ഇനത്തിൽ 86,31,528 രൂപയും കുടിശ്ശികയുണ്ട്. എന്നാൽ മേൽ കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ അരിയർ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10. 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം സ്ഥാപനം നൽകിയ അഡ്വാൻസ്/ലോൺ ഇനങ്ങളിൽ തിരികെ ലഭിക്കാനുള്ള തുക 11,22,199 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 11,21,999 രൂപയാണ്.

11. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് ഇല്ലാതെയാണ്.

12. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-16 ഷെഡ്യൂൾ പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

13. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,95,32,027.70 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,23,24,595 |
| ആകെ | 10,18,56,622.70 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,95,85,250 |
| നീക്കിയിരിപ്പ് | 1,22,71,372.70 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,47,44,982 | 1,47,44,982 | 1,45,72,296 | 1,72,686 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12,28,423 | 12,28,423 | 9,88,112 | 2,40,311 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 5,95,877 | 5,95,877 | 5,95,877 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,92,27,000 | 1,92,27,000 | 1,92,27,000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 50,45,447 | 50,45,447 | 25,16,839 | 25,28,608 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ACR പ്രകാരം) | 0 | 1,84,76,254 | 1,84,76,254 | 85,21,998 | 99,54,256 |
| സെൻട്രൽ ഫിനാൻസ് | 0 | 69,90,000 | 69,90,000 | 42,25,703 | 27,64,297 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ടൈഡ് ഗ്രാന്റ് (ACR പ്രകാരം) | | | | | |
| സാക്ഷരത | 3,069 | 332 | 3,401 | 476 | 2,925 |
| ഐ.സി.ഡി.എസ് | 2,15,986 | 9,42,577 | 11,58,563 | 8,05,768 | 3,52,795 |
| എം.പി.ഫണ്ട് | 7,829 | 484 | 8,313 | 476 | 7,837 |
| SMGB തനത് ഫണ്ട് അക്കൗണ്ട്-9067 | 42,93,284 | 1,35,43,555 | 1,78,36,839 | 83,05,247 | 95,31,592 |
| SBI ഇ-പെയ്മെന്റ് അക്കൗണ്ട്-6840SBI ഇ-പെയ്മെന്റ് അക്കൗണ്ട്-6840 | 71,449 | 6,32,346 | 7,03,795 | 660 | 7,03,135 |
| SBI റിലീഫ് ഫണ്ട് അക്കൗണ്ട്-5611 | 22,368 | 614 | 22,982 | - | 22,982 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട്-റോഡ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|

| | | |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 6,52,08,436 | 2,31,68,656 |
| വികസനഫണ്ട് (എസ്.സി.പി) | 25,36,755 | 12,66,755 |
| വികസനഫണ്ട് (ടി.എസ്.പി) | 13,27,800 | 6,78,800 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 2,83,83,820 | 2,81,38,977 |

2) വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഗ്രാന്റ് -റോഡ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 12,40,06,449 | 135 | 6,47,11,799 | 23 | 39 | 68.52% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7,73,470 | 17,11,466 | 24,84,936 | 24,66,866 | 18,070 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 9,36,47,768 | 9,36,47,768 | 9,36,47,768 | - |

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതികളിൽ മെറ്റീരിയൽ ഉപയോഗിച്ച് നിർവ്വഹണം ചെയ്യുന്ന പദ്ധതികളിൽ മെറ്റീരിയൽ സമാഹരിക്കുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന അപാകതകൾ 2019-20 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-15 ൽ വിശദമായി പ്രതിപാദിച്ചിരുന്നത് ഓഡിറ്റ് വർഷവും

പരിഹരിച്ചിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ് .

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,64,57,100 | 1141 |
| വിധവാ പെൻഷൻ | 1,66,84,100 | 1065 |
| വാർദ്ധക്യകാല പെൻഷൻ | 2,15,30,600 | 1596 |
| വികലാംഗ പെൻഷൻ | 53,47,000 | 368 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,37,900 | 23 |
| വിവാഹ ധനസഹായം | 1,80,000 | 6 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമപെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | ആയിഷ.വി.കെ, | വിധവ പെൻഷൻ | 10.02.2021 | 24.05.2021 |

| | | | | |
|---|---|---|---|---|
| | പൊടിക്കുളത്തിൽ, മുള്ളമ്പത്ത് | | | |
| 2 | ദേവി, ചമ്പിലോറ നിളംപറമ്പത്ത് | | 15.02.2021 | 24.05.2021 |
| 3 | അജിത.എൻ.കെ, നെല്ലിക്കുന്നമ്മൽ, തിനൂർ | | 05.03.2021 | 16.06.2021 |
| 4 | കുമാരൻ, അരയില്ലത്ത് | കർഷകത്തൊഴിലാളി പെൻഷൻ | 03.11.2020 | 19.02.2021 |
| 5 | നാരായണി, കുളങ്ങരപൊയിൽ, മുള്ളമ്പത്ത് | | 01.01.2021 | 24.05.2021 |
| 7 | മുഹ്സീന.യു.കെ, ചരടിപറമ്പത്ത്, മുള്ളമ്പത്ത് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 16.02.2021 | 24.05.2021 |
| 8 | ശശി, പുറ്റച്ചിലിൽ, തിനൂർ | | 26.06.2020 | 12.10.2020 |
| 9 | ഉഷ, കിഴക്കയിൽ | വാർദ്ധക്യകാല പെൻഷൻ | 01.06.2020 | 24.08.2020 |
| 10 | യൂസഫ്.കെ.വി, കൊളേനവീട്ടിൽ | | 03.11.2020 | 19.01.2021 |
| 11 | അശോകൻ, കളത്തുപറമ്പത്ത് | | 06.01.2021 | 24.05.2021 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,790/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ എല്ലാ മാസങ്ങളിലേയും റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രിന്റെടുത്ത് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നില്ല. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട കാൻസൽഡ് റസീറ്റ് റിപ്പോർട്ടുകൾ എല്ലാ മാസവും പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2020-21 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ്, ട്രേഡേഴ്സിന്റെ തൊഴിൽനികുതി എന്നിവയുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വിവരാവകാശ രജിസ്റ്ററിലും പരാതി രജിസ്റ്ററിലും അപേക്ഷ/പരാതി ലഭിച്ച ശേഷമുള്ള തുടർനടപടി വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

1-10 വസ്തു നികുതി കണക്കാക്കിയതിൽ അപാകത-പഞ്ചായത്തിന് വരുമാനത്തിൽ നഷ്ടം

1) ശ്രീമതി.ഷഹാന, പാണ്ടി തറമ്മൽ എന്നവരുടെ 12/02/2020ലെ A3/939/20 നമ്പർ കംപ്ലീഷൻ അപേക്ഷ പ്രകാരം വസ്തു നികുതി കണക്കാക്കി 14/170-C, 14/170-D, 14/170-E എന്നീ നമ്പറുകൾ നൽകിയ കെട്ടിടത്തിന്റെ നികുതി കണക്കാക്കിയതിലെ കൃത്യത പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | കണക്കാക്കിയ നികുതി | യഥാർത്ഥത്തിൽ കണക്കാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|
| 14/170 C | Area-45.56m2<br>മേഖല-ദ്വിതീയം-10% ഇളവ്,<br>വഴി-1.5mtrൽ കൂടുതൽ<br>കെട്ടിടത്തിൻറെ ഉപയോഗക്രമം-ലോഡ്ജ്<br>അടിസ്ഥാന വസ്തു നികുതി നിരക്ക്-20/- Per M2<br>നികുതി-821+42=863/- | Area-45.56m2<br>മേഖല-ദ്വിതീയം-10% ഇളവ്,<br>വഴി-1.5mtrൽ കൂടുതൽ<br>കെട്ടിടത്തിന്റെ ഉപയോഗക്രമം-വാണിജ്യം<br>അടിസ്ഥാന വസ്തു നികുതി നിരക്ക്-50/- Per M2<br>നികുതി-2050+103=2153 | 1229+61=1290 |
| 14/170 D | Area-45.56m2<br>മേഖല-ദ്വിതീയം-10% ഇളവ്,<br>വഴി-1.5mtrൽ കൂടുതൽ<br>കെട്ടിടത്തിൻറെ ഉപയോഗക്രമം -ലോഡ്ജ്<br>കെട്ടിടത്തിന്റെ ഉപയോഗക്രമം-ലോഡ്ജ്<br>അടിസ്ഥാന വസ്തു നികുതി നിരക്ക്-20/- Per M2 | Area-45.56m2<br>മേഖല-ദ്വിതീയം-10% ഇളവ്,<br>വഴി-1.5mtrൽ കൂടുതൽ<br>കെട്ടിടത്തിൻറെ ഉപയോഗക്രമം-വാണിജ്യം<br>അടിസ്ഥാന വസ്തു നികുതി നിരക്ക്-50/- Per M2<br>നികുതി-2050+103=2153 | 1229+61=1290 |

| | | | |
|---|---|---|---|
| | നികുതി-<br>821+42=863/- | | |

കെട്ടിട ഉടമ കംപ്ലീഷൻ പ്ലാനിൽ കെട്ടിടം വാണിജ്യ കെട്ടിടമായാണ് കാണിച്ചിരിക്കുന്നതും പരിശോധന നടത്തിയ സാങ്കേതിക വിഭാഗം റിപ്പോർട്ട് ചെയ്തിരിക്കുന്നതും. എന്നാൽ വസ്തുനികുതി കണക്കാക്കിയപ്പോൾ കെട്ടിടം കുറഞ്ഞ നികതി നിരക്കുള്ള ലോഡ്ജ് കെട്ടിടമായി കണക്കാക്കിയാണ് വസ്തുനികുതി ഈടാക്കിയത്.

2) ശ്രീമതി.ചന്ദ്രി, വേരങ്കോളിമ്മൽ എന്നവരുടെ 29-01-21ലെ A3/1252/21നമ്പർ കംപ്ലീഷൻ അപേക്ഷ പ്രകാരം 7/519-C, 7/519-D, 7/519-Fഎന്നീ നമ്പറുകൾ നൽകിയ കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയതിലെ കൃത്യത പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

നിലവിലെ 7/519-A, 7/519-B (ആകെ- 93.9m2) എന്നീ നമ്പർ കെട്ടിടങ്ങളോട് കൂട്ടി ചേർത്ത് മേൽ പരാമർശിച്ച 7/519-C, 7/519-D, 7/519-F(ആകെ- 55.07m2) എന്നീ മുറികൾ നിർമ്മിച്ചപ്പോൾ കെട്ടിടം ആകെ 149 ച.മീറ്റർ ആയിട്ടുണ്ട്. എന്നാൽ വസ്തുനികുതി കണക്കാക്കിയപ്പോൾ നിലവിലുണ്ടായിരുന്ന കെട്ടിടത്തെയും പുതുതായി നിർമ്മിച്ച കെട്ടിടത്തെയും 100m2 ന് മുകളിലുള്ള വാണിജ്യ കെട്ടിടമായി പരിഗണിച്ച് വസ്തുനികുതി കണക്കാക്കി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇവിടെ മുഴുവൻ കെട്ടിടത്തെയും 100m2 ൽ കുറഞ്ഞ വാണിജ്യ കെട്ടിടമായി കണക്കാക്കി കുറഞ്ഞ വസ്തുനികുതിയാണ് ഈടാക്കിയിരിക്കുന്നത്.

3) ശ്രീ.പ്രവിലാൽ എ.ടി, അങ്ങംഉണ്ടിയിൽ എന്നവരുടെ ഉടമസ്ഥതയിൽ തടി മില്ല് പ്രവർത്തിക്കുന്നതിനായി നിർമ്മിച്ച വ്യവസായ കെട്ടിടത്തിന് (58.64m2) വസ്തു നികുതി കണക്കാക്കിയപ്പോൾ (കെട്ടിട നമ്പർ - 10/137B) അടിസ്ഥാന വസ്തുനികുതി കൊടുത്തിരിക്കുന്നത് കുറഞ്ഞ വസ്തു നികുതി നിരക്കായ കൈത്തറി ഷെഡ് കയർപിരി ഷെഡ് എന്നതിന്റെ നിരക്കായ ച.മീറ്ററിന് 10/-രൂപ തോതിലാണ്. യഥാർത്ഥത്തിൽ കെട്ടിടത്തെ ഇതര വ്യവസായ കെട്ടിടത്തിന്റെ നിരക്കായ ച.മീറ്ററിന് 40/-രൂപ നിരക്കിൽ കണക്കാക്കേണ്ടതായിരുന്നു.

വസ്തുനികുതി കണക്കാക്കിയതിലെ അപാകത പരിഹരിച്ച് വസ്തുനികുതി പരിഷ്കരിക്കേണ്ടതും കുറവ് വന്ന നികുതി ഈടാക്കി അറിയിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-11 സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലെ അധിക നിർമ്മാണത്തിന് ഫീസ് ഈടാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു.

ശ്രീ.മമ്മത്, പൂവുള്ളതിൽ എന്നവരുടെ 17-11-2020 ലെ കെട്ടിട നിർമ്മാണാനുമതി അപേക്ഷ പ്രകാരം ടിയാന്റെ ഉടമസ്ഥതയിലുള്ള 3.99 ആർ സ്ഥലത്ത് 374.07m2 (4026.46 ച.അടി) വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് 30-12-20 ലെ A3/6071/20 നമ്പറായി കെട്ടിട നിർമ്മാണ പെർമിറ്റ് പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഈ കെട്ടിടം നിൽക്കുന്നതും നരിപ്പറ്റ വില്ലേജിലെ നരിപ്പറ്റ ദേശത്തെ നിലം വിഭാഗത്തിൽപ്പെട്ടതുമായ ഈ ഭൂമി [റി.സ 93/1(റലീസ് റി.സ 93/43), 3.99 ആർ സ്ഥലം], കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ്2018ലെ സെക്ഷൻ 27Aപ്രകാരം വടകര റവന്യൂ ഡിവിഷണൽ ഓഫീസർ ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ് {ഉത്തരവ് നമ്പർ -എഫ്-1-1008/20 തീയതി 06-07-2020}. ഈ തരം മാറ്റൽ ഉത്തരവിലെ നിബന്ധന '1' പ്രകാരം 3000 ച.അടിയിൽ കൂടുതലുള്ള ഓരോ ചതുരശ്ര അടിയ്ക്കും 100/-രൂപ നിരക്കിൽ സർക്കാരിൽ ഫീസ് അടയ്ക്കേണ്ടതാണ് എന്നും ഇത് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തി മാത്രമെ കെട്ടിട നിർമ്മാണ അനുമതി അനുവദിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ തരം മാറ്റിയ പ്രസ്തുത സ്ഥലത്ത് അനുമതി നൽകിയിരിക്കുന്നത് 4026.46 ച.അടിയ്ക്കാണ് (374.07m2 ). അതായത് ആർ.ഡി.ഒ അനുവദിച്ചതിലും 1026.46 ച.അടി അധിക നിർമ്മാണത്തിന് അനുമതി നൽകി. ഈ അധിക നിർമ്മാണത്തിന് 102646/-രൂപ സർക്കാരിലേക്ക് അടച്ച് മാത്രമെ

കെട്ടിട നിർമ്മാണാനുമതി നൽകാമായിരുന്നുള്ളൂ. ഇത് പരിശോധിക്കാതെ കെട്ടിട നിർമ്മാണാനുമതി നൽകിയതിന് നഷ്ടോത്തരവാദിയായ സെക്രട്ടറി വിശദീകരണം നൽകേണ്ടതും കെട്ടിട ഉടമയിൽ നിന്നും അധിക നിർമ്മാണത്തിനുള്ള ഫീസ് സർക്കാരിലേക്ക് ട്രഷറി മുഖാന്തിരം അടച്ച് ഇതിന്റെ വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്നും ഈ തുക ഈടാക്കേണ്ടതുമാണ്.

## 1-12 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ 2020-21 വർഷം 203 കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷയാണ് വന്നിട്ടുള്ളത്. കൂടാതെ രജിസ്റ്റർ പ്രകാരം 36 പെർമിറ്റ്/ ക്രമവൽക്കരണ അപേക്ഷകൾ മുൻ വർഷങ്ങളിലായി വരികയും അപാകത ഉള്ളതിനാലും പരിശോധന നടത്താത്തതിനാലും 2020-21 വർഷ രജിസ്റ്ററിലേക്ക് ക്യാരി ഫോർവേർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം ആകെ 239 പെർമിറ്റ്/ക്രമവൽക്കരണ ഫയലുകൾ രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷാവസാനം വരെ വന്നിട്ടുണ്ട്. ആകെ വന്ന കെട്ടിട നിർമ്മാണ പെർമിറ്റ്/ ക്രമവൽക്കരണ അപേക്ഷകളിൽ 61 അപേക്ഷകൾ ക്രമവൽക്കരണത്തിനായി വന്നവയാണ്. പഞ്ചായത്തിൽ 2020-21 വർഷം വാർഷിക കണക്ക് പ്രകാരം പെർമിറ്റ് ഫീ വന്നിരിക്കുന്നത് 150102/-രൂപയും ക്രമവൽക്കരണ ഫീ 152849/-രൂപയുമാണ്. ഈ കാര്യങ്ങളിൽ നിന്നുതന്നെ പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളുടെ ബാഹുല്യം വ്യക്തമാവുന്നു. കെട്ടിട നിർമ്മാണം അനുമതി വാങ്ങാതെ നിർവ്വഹിക്കുകയും പണി പൂർത്തിയായ ശേഷം ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുകയും ചെയ്തു വരുന്ന പ്രവണത പഞ്ചായത്തിൽ വ്യാപകമായി മുൻ വർഷങ്ങളിലും കാണുന്നു. എന്നാൽ ഇത്തരം അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിനായി പഞ്ചായത്തിൽ നാളിതു വരെ കൃത്യമായ ഒരു പരിശോധനാ സംവിധാനം ഒരുക്കുകയോ വിശദമായി ജോലി വിഭജനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തുകയോ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇത്രയും ക്രമവൽക്കരണ അപേക്ഷകൾ എല്ലാ വർഷവും വന്നു കൊണ്ടിരുന്നിട്ടും ഇത്തരം കെട്ടിടങ്ങളെ അനധികൃത കെട്ടിടമായി പരിഗണിച്ച് യു.എ നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കി യു.എ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന യു.എ രജിസ്റ്ററിൽ ആകെ ഒരു കെട്ടിടം മാത്രമാണുള്ളത്. പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13 എഫ്.ടി.ഇ.&.ഒ ലൈസൻസ് അപാകതകൾ

പഞ്ചായത്തിലെ എഫ്.ടി.ഇ.&.ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, തൊഴിൽ നികുതി രജിസ്റ്റർ മുതലായവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മുഴുവൻ സ്ഥാപനങ്ങളെയും പഞ്ചായത്ത് ലൈസൻസ് പരിധിയിൽ കൊണ്ടു വന്നില്ല.

സഞ്ചയ പ്രകാരം 2020-21 ൽ 1400 ൽപ്പരം വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉണ്ടായിരിക്കെ 2020-21 വർഷം ആകെ 307 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളൂ. ബാക്കിയുള്ള കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. ഇത് പരിശോധിക്കപ്പെട്ടിട്ടില്ല.

2) പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കംപ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് പരാമർശിച്ചിട്ടും പഞ്ചായത്ത് കൃത്യമായ നടപടിയെടുത്ത് രജിസ്റ്റർ നാളിതുവരെ

തയ്യാറാക്കിയിട്ടില്ല.

3) ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 ൽ ആകെ 307 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 290 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുള്ളൂ. കൂടാതെ ട്രേഡേഴ്സ് തൊഴിൽനികുതി രജിസ്റ്ററിൽ വ്യക്തികളുടെ പേരും ഈടാക്കിയ തൊഴിൽനികുതി തുകയും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൊഴിൽനികുതി അടവാക്കിയ ഇവർ ഏത് സ്ഥാപനത്തിൽ പ്രവർത്തിക്കുന്നവരാണ് എന്നോ ഏത് ലൈസൻസ്ഡ് നമ്പർ സ്ഥാപനമാണ് എന്നോ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുത്തി നികുതി റിട്ടേൺ ഫോറം ലഭ്യമാക്കിയല്ല തൊഴിൽനികുതി ഈടാക്കിവരുന്നത്. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 10 പ്രകാരമുള്ള ഫോറം 4 ൽ നോട്ടീസ് നൽകുകയോ റിട്ടേൺ വാങ്ങുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയോ ലൈസൻസ് അനുവദിച്ച മുഴുവൻ കച്ചവടക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയോ എന്ന് സ്ഥാപനം ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല.

4) ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്ററിലും ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററിലും പേജ് ബാർ അബ്സ്ട്രാക്റ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൽക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും) ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ഫാക്ടറി, വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസുകളെ സംബന്ധിച്ചിടത്തോളം ലൈസൻസിന്റെ കാലാവധി 5 വർഷമായി നിജപ്പെടുത്തേണ്ടതും അങ്ങിനെയുള്ള സംഗതികളിൽ പട്ടിക 3, 4 എന്നിവ പ്രകാരം മോട്ടോർ റണ്ണിംഗ് ഫീ പ്രതിവർഷത്തേക്ക് നിശ്ചയിച്ചതിന്റെ അഞ്ചിരട്ടി മുൻകൂറായി ഈടാക്കേണ്ടതാണ് എന്നും പറയുന്നുണ്ട്. ഇവിടെ 2020-21 ൽ അനുവദിച്ച ലൈസൻസുകളിൽ 63 ലൈസൻസുകൾ മുൻ വർഷം അഞ്ച് വർഷത്തേയ്ക്ക് ലൈസൻസ് ഫീ മുൻകൂറായി അടവാക്കിയവയാണ്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ 37 സ്ഥാപനങ്ങൾ ഈ ചട്ടപ്രകാരം അഞ്ച് വർഷ ലൈസൻസ് അനുവദിക്കാൻ പറ്റുന്നവയല്ല എന്ന് കാണുന്നു. അതായത് ഇവ ഫാക്ടറി, വ്യവസായ സ്ഥാപനങ്ങൾ എന്ന ഗണത്തിൽപ്പെടാത്ത പലചരക്ക് കട, ബാർബർ ഷോപ്പ് മുതലായവയാണ്. ഇത് ചട്ടത്തിന്റെയും സർക്കാർ ഉത്തരവുകളുടെയും ലംഘനമാണ്. അഞ്ച് വർഷ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നും ഇതിലെ ജീവനക്കാരിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും എംപ്ലോയീസ് തൊഴിൽനികുതിയും എല്ലാ വർഷങ്ങളിലും ഈടാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസും തോഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

7) കൂടാതെ പഞ്ചായത്തിൽ 2020-21വർഷം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കുകയും വരുമാനമാർജിക്കുകയും ചെയ്ത കരാറുകാർ, എം.ജി.എൻ.ആർ.ഇ.ജി.എ പ്രവൃത്തികൾക്കായി 2020-21 കാലയളവിൽ മെറ്റീരിയൽസ് സപ്ലെ ചെയ്യുകയും വരുമാനമാർജിക്കുകയും ചെയ്ത കരാറുകാർ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ , ഇതിലെ ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരെ കണ്ടെത്തി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

8) ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിട നമ്പർ രേഖപ്പെടുത്തുന്നില്ല.

ഉദാ:-ലൈസൻസ് നം. 8, 15, 16, 62, 70, 80, 177 ഇവയും അഞ്ച് വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചതും രജിസ്റ്ററിൽ പേജ് 39 ൽ ക്രമ നമ്പർ 57 മുതൽ 63 വരെയും കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

9) പഞ്ചായത്തിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപെട്ടു.

ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിട നമ്പർ പരിശോധിച്ച് ഉറപ്പ് വരുത്താതെ തെറ്റായ കെട്ടിടത്തിൽ ലൈസൻസ് നൽകി. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസ് നം | രജിസ്റ്ററിലെ കെട്ടിട നം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം | ലൈസൻസ് നൽകിയിരിക്കുന്ന ഉപയോഗം |
|---|---|---|---|---|
| 1 | 4 | 7/501, 7/502 | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടം | ചായക്കച്ചവടം |
| 2 | 10 | 7/511 | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടം | ഇംഗ്ലീഷ് മരുന്ന് ഷാപ്പ് |
| 3 | 30 | 7/505 | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടം | പാൽ സംഭരണ വിതരണ കേന്ദ്രം |

ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തത് അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിനുള്ള സാധ്യതയും അനധികൃത കെട്ടിടത്തിൽ പഞ്ചായത്ത് ലൈസൻസോടുകൂടി സ്ഥാപനത്തിന് പ്രവർത്തനാനുമതി ലഭിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം ഉറപ്പ് വരുത്തേണ്ടതാണ്.

ലൈസൻസ് അപേക്ഷകളിൽ നടപടി സ്വീകരിക്കുമ്പോൾ ഫീൽഡ്/സഞ്ചയ പരിശോധന നടത്തി എന്ന് സൂപ്പർവൈസറി ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ലെസൻസ് നൽകേണ്ടതാണ്. കൂടാതെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം വിശദമായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ കച്ചവടക്കാർക്കും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 16 പ്രകാരം നോട്ടീസ് നൽകി തൊഴിൽനികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവനാളുകളെയും ഡിമാന്റ് ചെയ്ത് നികുതി ഈടാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ കൊണ്ട് വരുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 പള്ളിയാറപൊയിൽ കുളത്തിൽ റോഡ് നിർമ്മാണം-കരിങ്കൽ കെട്ട് നിർമ്മാണത്തിലെ അപാകത

പ്രോജക്ട് നമ്പർ -200/20-21

അടങ്കൽ -426000/-

ചെലവ് -425020 (ബിൽ നം-109/11-09-20)

പള്ളിയാറപൊയിൽ കുളത്തിൽ റോഡിൽ 30 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യൽ പ്രവൃത്തിക്ക് പുറമേ എസ്റ്റിമേറ്റിൽ 27 മീറ്റർ റോഡിന്റെ സൈഡ് 2.5 മീറ്റർ ഉയരത്തിൽ കെട്ടലിനായി 73.78m$^3$ ഡ്രൈറബിൾ

മാസൻട്രിയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രവൃത്തിചെയ്യുന്ന സമയത്ത് 2.15 മീറ്റർ ഉയരത്തിൽ മാത്രമേ കല്ല് കെട്ട് ആവശ്യമായി വരുന്നുള്ളൂ എന്നതിനാൽ കല്ല് കെട്ടിന്റെ അളവ് 59.56$m^3$ മാത്രമാണ് ആവശ്യമായി വരുന്നുള്ളൂ, റോഡിന് സൈഡിലുള്ള ഡ്രെയിനിലേക്ക് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് ഐറിഷ് ഡ്രെയിൻ നൽകേണ്ടതുണ്ട് എന്നുമുള്ള നിർവ്വഹണ ഉദ്യഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം അടങ്കൽ തുകയിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പദ്ധതി നടപ്പാക്കിയത്. പ്രവൃത്തിയുടെ എം ബുക്ക് 102/20-21 പരിശോധിച്ചതിൽ ഐറ്റം നം-5 ആയി ചെയ്ത ഡ്രൈറബിൾ മാസൻട്രി 1.80 മീറ്റർ ഉയരത്തിലാണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ കെട്ടിന്റെ ഉയരത്തിൽ വന്ന കുറവിന് അനുസരിച്ച് കെട്ടിന്റെ വീതിയിൽ കുറവ് വരുത്താതെയാണ് പ്രവൃത്തി നിർവ്വഹിച്ചതെന്ന് കാണുന്നു. ഇക്കാരണത്താൽ ഡി.ആർ കെട്ടിന്റെ അളവ് കൂടി പ്രവൃത്തിയിൽ അധിക ചെലവ് വരുന്നതിനിടയായിട്ടുണ്ട്. കെട്ടിന്റെ ഉയരത്തിന് ആനുപാതികമായി കെട്ടിന്റെ വീതിയിൽ കുറവ് വരുത്താതെ പ്രവൃത്തി നിർവ്വഹിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-15 സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലല്ലാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നു.

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണം പരിശോധിച്ചതിൽ താഴെ പറയുന്ന പദ്ധതികളിൽ 27-12-2019 ലെ ഭരണസമിതിയുടെ നാലാം നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്ത് പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണസമിതി അനുമതി നൽകിയിട്ടുണ്ട്. കൈവേലി ചെറുവത്ത് മഞ്ചാൽറോഡിൽ – റോഡിന്റെ തുടക്കത്തിൽ പൂർണ്ണമായി തകർന്നതിനാൽ ആ ഭാഗത്താണ് കൂടുതലായും അറ്റകുറ്റപണി ആവശ്യമായിട്ടുള്ളത് ആയതിനാൽ റോഡിന്റെ തുടക്കഭാഗം പൂർണ്ണമായി പൊളിച്ച് എർത്ത് ഫിൽചെയ്ത് റീടാറിംഗ് ചെയ്യേണ്ടതുണ്ടെന്നും, കൂടാതെ പഴയ എസ്റ്റിമേറ്റിൽ എഡ്ജ് പ്രൊട്ടക്ഷനുവേണ്ടി ഐറിഷ് ഡ്രെയിൻ നൽകിയിട്ടില്ലാത്തതിനാൽ വാട്ടർ ലോഗ്ഡ് ഏരിയയായതിനാൽ ഈ റോഡിൽ ഐറിഷ്ഡ്രെയിൻ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ്ഡ് ചെയ്യേണ്ടതുണ്ടെന്നും ഉള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ചാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത്. കോറോത്ത് മുക്ക് കല്ല് നിരറോഡിൽ -ആദ്യത്തെ 50 മീറ്റർ എർത്ത് ഫില്ലിംഗ് ചെയ്ത് റീതാറിംഗ് ചെയ്യേണ്ടതായിട്ടുണ്ട് കൂടാതെ എഡ്ജ് പ്രൊട്ടക്ഷനുവേണ്ടി ഐറിഷ് ഡ്രെയിൻ ഉൾപ്പെടുത്തേണ്ടതുണ്ടെന്നുമുള്ള അസിസ്റ്റന്റ് എഞ്ചിനീയരുടെ കത്ത് പരിഗണിച്ചാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളത് .ചെവിടുപാറപ്പള്ളി ഒന്തമ്മൽ റോഡിൽ റോഡിന് കിട്ടുന്ന പരമാവധി വീതി 3 മീറ്റർ ആണ് ആയതിനാൽ എസ്ററിമേറ്റിൽ നൽകിയിരിക്കുന്ന ഐറിഷ് ഡ്രെയിൻ റിമൂവ് ചെയ്ത് കൂടുതൽ നീളത്തിൽ ടാർ ചെയ്യുന്നതിനുള്ള പ്രൊവിഷൻ നൽകി എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതുണ്ടെന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പരിഗണിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകിയിരിക്കുന്നത്. ഇതിൽ നിന്നും മേൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് ബന്ധപ്പെട്ടവർ സൈറ്റ് സന്ദർശിക്കാതെയാണ് വ്യക്തമാകുന്നു. ഇത്തരത്തിൽ സൈറ്റിലെ ആവശ്യങ്ങൾ പരിഗണിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ രൂപീകരിക്കുന്നത് പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുകയും പദ്ധതികൾ സ്പിൽ ഓവറായി നിർവ്വഹിക്കപ്പെടുന്നതിനിടയാക്കുകയും ചെയ്യുന്നു. ആയതിന് വിശദീകരണം നൽകേണ്ടതും കൃത്യമായ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നത് ഉറപ്പുവരുത്തി പദ്ധതി നിർവ്വഹണത്തിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 ഇ-ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ-ടെണ്ടർ ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി കരാറുകാർ അടവാക്കുന്ന തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽപ്പെടുന്നതാണ്. 2020-21 വർഷം താഴെ പറയും പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ, റീ-ഇടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ | പങ്കെടുത്ത കരാറുകാരുടെ എണ്ണം |
|---|---|---|---|
| 1 | കോളിയോട്ട് പൊയിൽ- നീലിയംകാട് എച്ചംകണ്ടിപാലം | 891825 | 4 |
| 2 | അങ്കണവാടി പെയിന്റിംഗ് | 551417 | 4 |
| 3 | പി.എച്ച്.സി ബിൽഡിംഗ് അറ്റകുറ്റപ്പണി | 550055 | 1 |
| 4 | ചെമ്പിലോറ വെങ്ങോറകുടിവെള്ള പദ്ധതി | 628898 | 2 |
| 5 | പുത്തൻപുരയിൽമുക്ക് പീടികക്കണ്ടിറോഡ് | 508299 | 1 |

ഈ ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകർ ടെണ്ടർഫീ ആയി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് അടവാക്കിയ തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും കരാറുകാരുടെ ടെണ്ടർ ഫീ അടവാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കേണ്ടതുമാണ്. മുൻവർഷങ്ങളിലേതടക്കം ഉള്ള ടെണ്ടർഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 യാതൊരു അടിസ്ഥാനസൗകര്യങ്ങളുമില്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിക്ക് കെട്ടിടം പണിയുന്നതിന് നാളിതുവരെ സാധിച്ചില്ല-രോഗികളോട് കാണിക്കുന്ന കടുത്ത അവഗണന

| | |
|---|---|
| പ്രൊജക്ട് | ആയുർവേദ ആശുപത്രിക്ക് സ്ഥലം വാങ്ങൽ-(പ്രൊജക്ട് നം.181/2020-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | തനത് ഫണ്ട്-30,00000/- |
| ചെലവ് | 0 |

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും 30,00000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്ക്കരിച്ചുവെങ്കിലും സ്ഥലം വാങ്ങൽ നടപടി എങ്ങുമെത്തിയില്ല. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 23 സെന്റ് സ്ഥലം കൈവേലിയിൽ കണ്ടെത്തിയിട്ടുണ്ടെന്നും ജില്ലാപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് 60,00000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-20 വർഷത്തെ വികസന രേഖയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നിലവിൽ പദ്ധതി ഉപേക്ഷിച്ചതായും ബഹുജന പങ്കാളിത്തത്തോടെ സ്ഥലം കണ്ടെത്തി കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായും ഫയലിൽ കാണുന്നുണ്ടെങ്കിലും ഫലപ്രാപ്തിയിലെത്തിയി ട്ടില്ല. ശുചിമുറിയോ,വൈദ്യുതിയോ ഇല്ലാത്ത ചോർന്നൊലിക്കുന്ന വാടക കെട്ടിടത്തിൽ 28 വർഷമായി പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിക്ക് അനുയോജ്യമായ കെട്ടിടം നിർമ്മിക്കാൻ നാളിതുവരെ സാധിക്കാത്തത് രോഗികളോട് കാണിക്കുന്ന കടുത്ത അവഗണനയാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി- 18/2020-21/15.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. ആയുർവേദ ആശുപത്രിക്ക് അനുയോജ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.



1-18 തെങ്ങിന് ജൈവവളം- കർഷകർ സമീകൃത ജൈവവളം വാങ്ങിയെന്ന് ഉറപ്പുവരുത്തിയില്ല

| | |
|---|---|
| പ്രൊജക്ട് | തെങ്ങിന് ജൈവ വളം-പ്രൊജക്ട് നം. 40/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട്(ജനറൽ)-6,22,000/- |

| | |
|---|---|
| ചെലവ് | ബിൽ .നം.20170452010901250451/ 15.03.2021/5,09,700/- |

കൃഷി ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥയായി തെങ്ങിന് വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി, എന്നിവ അടങ്ങിയ ജൈവവളം വാങ്ങുന്നതിന് ഒരു തെങ്ങിന് 80/- രൂപയുടെ ജൈവവളത്തിന് 60/- രൂപ (75%) കണക്കിൽ സാമ്പത്തിക സഹായം നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. ഓഡിറ്റിന് ഹാജരാക്കിയ വ്യക്തിഗത ഫയലുകളിൽ ഏതാനും ചിലവ പരിശോധിച്ചതിൽ തന്നെ കർഷകർ ഏതെങ്കിലും ഒരിനം മാത്രം വാങ്ങിയതായും അതിന് ധനസഹായം നൽകിയതായും കാണുന്നു. ഉദാ. താഴെകൊടുക്കുന്നു.

| കർഷകന്റെ പേര് | വാങ്ങിയ വളം | നൽകിയ ധനസഹായം |
|---|---|---|
| ശ്രീ.വിജയൻ സി.കെ,നെല്ലുള്ള പറമ്പത്ത് | എല്ലുപൊടി-35 Kg @32= 1120(പേരാമ്പ്ര റീജിയണൽ കോപ്പറേറ്റീവ് ബാങ്ക്) | 600/-(16 സെന്റ് സ്ഥലത്ത് 10 തെങ്ങ് എന്ന കണക്കിന് ) |
| ശ്രീമതി മാതു,പാറയുള്ള പറമ്പത്ത് | എല്ലുപൊടി-128 Kg@28=3584 | 2100/-(97 സെന്റ് സ്ഥലം) |

തെങ്ങിന് പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം സമീകൃത ജൈവവളം നൽകിയാലേ വിളയ്ക്ക് അതിന്റെ പൂർണ്ണമായ ഗുണം ലഭിക്കുകയുള്ളൂ. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി- 20/2020-21 /15.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ കർഷകർ സമീകൃത ജൈവവളം വാങ്ങുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി കർഷകരിൽ അവബോധം ഉണ്ടാക്കേണ്ടതും ജൈവവളം വിതരണം ചെയ്യുന്ന സഹകരണസംഘങ്ങൾക്ക് അപ്രകാരം നിർദ്ദേശം നൽകേണ്ടതുമാണ്.

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജൻ 2020-21 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ (പ്രോജക്ട്.നം. 143/2020-21) 3,12,500/- രൂപ 11.04.2020 ന് NEFT ആയി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി രേഖകൾ പൂർണ്ണമായും കൃത്യമായും ഓഡിറ്റിന് ഹാജരാക്കിയില്ല

ലൈഫ് ഭവന പദ്ധതി രേഖകൾ പൂർണ്ണമായും കൃത്യമായും ഓഡിറ്റിന് ഹാജരാക്കിയില്ല

1)

| | |
|---|---|
| പ്രൊജക്ട് | ലൈഫ് ഭവന പദ്ധതി- -പ്രൊജക്ട് നം.26/2020-21 (പുതിയത്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

| | |
|---|---|
| അടങ്കൽ | വികസനഫണ്ട്(ജനറൽ)- 14,17,800/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-10,00000/-<br>ജില്ലാപഞ്ചായത്ത് വിഹിതം-35,71,200/-<br>ആകെ-59,89,000/- |
| ചെലവ് | 4,00000/-<br>ബിൽനം.20170452013000512080/11.09.2020/<br>1,00000/-<br>201704520130009 6003/18.01.2021/20,000/-<br>20170452013000440470/30.03.2021/2,79,988/-<br>20170452013000 1293015/19.03.2021/12/- |

2)

| | |
|---|---|
| പ്രൊജക്ട് | ലൈഫ് ഭവനപദ്ധതി - (സ്പിൽ ഓവർ)-<br>പ്രൊജക്ട് നം.168/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ |
| അടങ്കൽ | വികസനഫണ്ട്(ജനറൽ)- 8150/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-54,80,000/-<br>മറ്റുള്ളവ(ലോൺ) -1,80,000/-<br>ആകെ-80,68,150/- |
| ചെലവ് | 35,00000/-<br>ചെക്ക് നം.028300/19.05.2020/22,00000/-<br>ചെക്ക് നം.029701/07.07.2020/4,40,000/-<br>ചെക്ക് നം.029702/18.08.2020/3,00000/-<br>ചെക്ക് നം.29703/24.09.2020/1.40,000/-<br>ചെക്ക് നം.29704/24.09.2020/1,80,000/-<br>ചെക്ക് നം.29705/09.03.2021/80,000/-<br>ചെക്ക് നം.29707/31.03.2021/1,60,000/- |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

എ) ലൈഫ് ഭവന പദ്ധതികളിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

സ.ഉ(കൈ) 34/2018/തസ്വഭവ തീയതി 16.03.2018 പ്രകാരം വിവിധ ഗഡുക്കൾ അനുവദിക്കുമ്പോൾ വീടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച ഗുണഭോക്താവ് റിപ്പോർട്ട് ചെയ്യേണ്ടതും അത് സാക്ഷ്യപ്പെടുത്തികൊണ്ടുള്ള വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും തുടർഗഡു അനുവദിക്കുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയും അടങ്ങുന്ന സ്റ്റേജ് റിപ്പോർട്ട് വയ്ക്കേണ്ടതാണെങ്കിലും അത് ഓഡിറ്റിന് ഹാജരാക്കിയില്ല. കൂടാതെ വീട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഫോട്ടോകളോ നിർമ്മാണം പൂർത്തീകരിച്ച വീടിന്റെ ഫോട്ടോയോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആനുകൂല്യം ട്രാൻസ്ഫർ ചെയ്യേണ്ട ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്കിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ തുക കൈമാറിയതിന്റെ കൃത്യത ഉറപ്പു വരുത്തുവാനും സാധിക്കുന്നില്ല. കൂടാതെ വീട് നിർമ്മാണത്തിന് സെക്രട്ടറി കെട്ടിടനിർമ്മാണപെർമ്മിറ്റ് അനുവദിക്കേണ്ടതും കെട്ടിടനിർമ്മാണം പൂർത്തിയായാൽ ഉടമ പൂർത്തീകരണസാക്ഷ്യപത്രം സമർപ്പിച്ച് ആയതിൻ മേൽ സെക്രട്ടറി ഒക്യൂപെൻസി സാക്ഷ്യപത്രവും കെട്ടിടനമ്പറും അനുവദിക്കേണ്ടതാണ്. എന്നാൽ ഈ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച കാര്യങ്ങളിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ നിർദ്ദേശിച്ച കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി- 15/2020-21/15.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതികളിൽ ചെലവഴിച്ച തുക 39,00000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ബി) ലൈഫ് പദ്ധതിക്കായി വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിലും ലക്ഷങ്ങൾ വകയിരുത്തിയെങ്കിലും ഒരു രൂപ പോലും ലഭിച്ചില്ല

സർക്കുലർ നം.ഡി.ബി.1/167/2019/തസ്വഭവ/06.09.2019 പ്രകാരം ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പദ്ധതിവിഹിതത്തിന്റെ 20% ലൈഫ് ഭവന പദ്ധതിക്കായി നീക്കിവെക്കേണ്ടതും അത് ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഗ്രാമപഞ്ചായത്തുകൾക്ക് വീതിച്ച് നൽകേണ്ടതുമാണ്. എന്നാൽ ആദ്യത്തെ പദ്ധതി ക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 10,00000/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 35,71,200/- രൂപയും വകയിരുത്തിയെങ്കിലും യാതൊരു തുകയും ലഭിച്ചില്ല. ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വലിയ തുക വകയിരുത്തിയിരുത്തിയതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്. 2021-22-ലും ഇപ്രകാരം ലക്ഷകണക്കിന് രൂപ (21,70,043/- രൂപ) ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയെങ്കിലും യാതൊരു തുകയും ലഭിച്ചില്ല. 2021-22 -ൽ 9 പേർക്കായി 5,90,000/- രൂപ മാത്രമേ തുക നൽകിയിട്ടുള്ളുവെങ്കിലും മുഴുവൻ ഗുണഭോക്താക്കളും (120 പേർ) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് . നിലവിൽ മൂന്ന് ഗുണഭോക്താക്കൾക്ക് ആകെ 80,000/- രൂപ നൽകുവാനേ ബാക്കിയുള്ളൂ. ആയതിനാൽ ആവശ്യമില്ലാതെയാണ് വൻ തുക ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയിരുത്തിയെന്ന് കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി-15/2020-21/15.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. ആവശ്യമില്ലാതെ വൻ തുക ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തി പദ്ധതി അടങ്കൽ പെരുപ്പിച്ച് കാണിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

1-21 റിങ് കമ്പോസ്റ്റ് സമയബന്ധിതമായി സ്ഥാപിച്ചു നൽകിയില്ല

1)

| | |
|---|---|
| പ്രൊജക്ട് | റിങ്ങ് കമ്പോസ്റ്റ്- -പ്രൊജക്ട് നം.165/2020-21( സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | വികസനഫണ്ട്(ജനറൽ)- 4,50,000/-<br>മറ്റുള്ളവ-49,500/-<br>ആകെ-4,99,500/- |
| ചെലവ് | 4,70,007/-<br>ബിൽനം.20170452011200332592/09.07.2020/4,25,007/-<br>ഗുണഭോക്തൃവിഹിതം-ചെക്ക്നം.030231/24.07.2020/45,000/- |

2)

| | |
|---|---|
| പ്രൊജക്ട് | റിങ്ങ് കമ്പോസ്റ്റ്- -പ്രൊജക്ട് നം.24/2020-21( പുതിയത്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ്- 12,82,032/-<br>കേന്ദ്രാവിഷ്കൃത ഫണ്ട്-4,09,596/-<br>മറ്റുള്ളവ-1,87,959/-/-<br>ആകെ-18,79,587/- |
| ചെലവ് | 1,24,500/-<br>ബിൽനം.20170452011201350671/25.03.2021/1,24,500/-<br>ഗുണഭോക്തൃവിഹിതം-0 |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

എ) പദ്ധതി കരാർ വ്യവസ്ഥ പ്രകാരം സമയബന്ധിതമായി പൂർത്തിയാക്കിയില്ല

751 പേർക്ക് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച നൽകുന്നതിനാണ് രണ്ടാമത്തെ പദ്ധതിയിൽ വിഭാവനം ചെയ്തത്. 620 പേർ ഗുണഭോക്തൃവിഹിതമായ 249/- വീതം (യൂണിറ്റ് കോസ്റ്റിന്റെ 10 %) അടവാക്കിയതിൽ കേവലം 50 പേർക്ക് മാത്രമാണ് തൻ വർഷം റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ച നൽകിയത്. നിർവ്വഹണ ഏജൻസിയായ റെയ്ഡ്കോയുമായി ഏർപ്പെട്ട കരാർ പ്രകാരം അവർ 31.03.2021-നകം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാത്തിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി- 17/2020-21/15.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് നിർവ്വഹണ ഏജൻസിക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് നിർവ്വഹണ ഏജൻസിക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതും പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ബി) ഗുണഭോക്തൃവിഹിതം ആനുപാതികമായി ചെലവഴിച്ചില്ല

I) ഒന്നാമത്തെ പദ്ധതിയിൽ 198 ഗുണഭോക്താക്കളിൽ നിന്ന് 238.50/- രൂപ വീതം 47,223/- രൂപ പിരിച്ചെടുക്കുകയും മുഴുവൻ ഗുണഭോക്താക്കൾക്കും റിങ്ങ് കമ്പോസ്റ്റ് വിതരണം ചെയ്തുവെങ്കിലും ഈയിനത്തിൽ 45,000/- രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. ബാക്കിയുള്ള 2,223 - രൂപ പദ്ധതി നിർവ്വഹണം നടത്തിയ ശുദ്ധി വേയ്സ്റ്റ് കൺവേർഷൻ യൂണിറ്റിന് നാളിതുവരെ അനുവദിച്ചിട്ടില്ല. ആയത് നിർവ്വഹണ ഏജൻസിക്ക് താമസം വിനാ അനുവദിക്കേണ്ടതാണ്.

II) രണ്ടാമത്തെ പദ്ധതിയിൽ തൻവർഷം 50 പേർക്ക് റിങ്ങ് കമ്പോസ്റ്റ് വിതരണം ചെയ്ത വകയിൽ 12,450/- രൂപ ( യൂണിറ്റ് കോസ്റ്റായ 2490/- രൂപയുടെ 10 %) ഗുണഭോക്തൃവിഹിതമിനത്തിൽ നിന്ന് ചെലവഴിക്കേണ്ടതാണെങ്കിലും ഈ തുക കൂടി ധനകാര്യകമ്മീഷൻ അവാർഡ് ഇനത്തിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. അധികമായി ചെലവഴിച്ച ധനകാര്യകമ്മീഷൻ അവാർഡ് തുക ഗുണഭോക്തൃ വിഹിതമിനത്തിൽ നിന്ന് തിരികെ റീ-ക്രൂപ്പ് ചെയ്ത് ട്രഷറിയിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-22 പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് : സാന്ത്വന പരിചരണം

പ്രോജക്ട് നമ്പർ : 54/20-21

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ - 5,61,000 (വികസന ഫണ്ട്-ജനറൽ) + 1,00,000
(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് - 4,70,540 (വികസന ഫണ്ട്-ജനറൽ) + 1,00,000
(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ 5,70,540/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിനും മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി(മെഡിക്കൽ ഓഫീസർ-പി.എച്ച.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2020-21 വർഷത്തിൽ ഒരു തവണ (22.01.2021 ന്) മാത്രമാണ് യോഗം ചേരുകയുണ്ടായത്. ഈ യോഗത്തിലെ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ യോഗം ചേരാത്തതിനും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

## 1-23 ക്ഷീരകർഷകർക്ക് പാൽ സബ്ഡിഡി-പദ്ധതിയിൽ വകയിരുത്തിയ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതം ഭാഗികമായി മാത്രമേ ലഭ്യമായുള്ളൂ

| | |
|---|---|
| പ്രൊജക്ട് | ക്ഷീരകർഷകർക്ക് പാൽ സബ്ഡിഡി-- |

| | |
|---|---|
| | പ്രൊജക്ട് നം. 53/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | വികസന ഫണ്ട്(ജനറൽ)-3,00000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-3,00000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-2,00000/-<br>ആകെ 8,00000/- |
| ചെലവ് | ബിൽ .നം.2/06.10.2020/69,879/-<br>03/06.10.2020/69,879/-<br>04/30.03.2021/2,30,121/-<br>ആകെ-3,69,876/- |

പദ്ധതിയിൽ ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് വിഹിതമായി 5,00000/-രൂപ വകയിരുത്തിയതിൽ കേവലം 69,879/-രൂപ മാത്രമാണ് തൻവർഷം ലഭിച്ചിട്ടുള്ളത്. തൻമൂലം നരിപ്പറ്റ പഞ്ചായത്തിലെ വിവിധ ക്ഷീരസംഘങ്ങളിൽപ്പെട്ട 554 കർഷകർക്ക് പാലിന് സബ്സിഡി നൽകുവാനായി 8,00000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച പദ്ധതിയിൽ കേവലം 168 പേർക്ക് മാത്രമേ തൻവർഷം ക്ഷീരസംഘങ്ങളിൽ അളന്ന പാലിന് ലിറ്ററിന് 4 /- രൂപ നിരക്കിൽ ആനുകൂല്യം നൽകാൻ കഴിഞ്ഞുള്ളൂ. അതും 2020 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ അളന്ന പാലിന് മാത്രമേ സബസിഡി നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. വകയിരുത്തിയ ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ലഭിച്ചിരുന്നുവെങ്കിൽ അത് വളരെയധികം പ്രതിസന്ധികളെ നേരിട്ടുകൊണ്ട് മുന്നോട്ട് പോകുന്ന ക്ഷീരകർഷകർക്ക് വലിയൊരു ആശ്വാസമാകുമായിരുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി-23/2020-21/15.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ ക്ഷീരകർഷകർക്ക് അർഹമായ വിഹിതം വകയിരുത്തുന്നതിനും ആയത് ലഭ്യമാക്കുന്നതിനും നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിയും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-24 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയില്ല

നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി സർജൻ 2020-21 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ താഴെ കൊടുത്തിരിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നമ്പർ/ പദ്ധതി | അടങ്കൽ | ചെലവ് | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1. | 144/2020-21 (SO) കറവപ്പശു വിതരണം സ്ത്രീകൾക്ക് | 4675000 | 2337500 | 2/2020-21, 15.04.2020 |

| | | | | |
|---|---|---|---|---|
| 2. | 166/2020-21 (SO) മുട്ടഗ്രാമം വനിതകൾക്ക് | 550000 | 442688 | 9/2020-21, 08.12.2020 |
| 3. | 125/20-21 (SO)പോത്തു കുട്ടി വാങ്ങൽ | 816000 | 408000 | 4/2020-21, 15.04.2020 |
| ആകെ | | | 31,88,188 | |

മേൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനായി ഹാജരാക്കാത്തതിനാൽ ചെലവ് തുക 31,88,188 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-25 അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയില്ല-അഗതികളുടെ സമഗ്രവികസനം സാദ്ധ്യമായില്ല

| | |
|---|---|
| പ്രൊജക്ട് | ആശ്രയ ഭവന പുനരുദ്ധാരണം(31/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | വികസനഫണ്ട്(ജനറൽ)- 8,00000/- |
| ബിൽ.നം | ബിൽ നം. 20170452013001441096/30.03.2021/ 50,000/- |

സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന അഗതികളുടെ ഉന്നമനത്തിനായി സ.ഉ(എം.എസ്) 252/2017/തസ്വഭവ തീയതി 12.12.2017 പ്രകാരമുള്ള അഗതിരഹിതകേരളം പദ്ധതി ആവിഷ്ക്കരിച്ചു. അഗതികളുടെ ഭവന പുനരുദ്ധത്തിനായി വികസനഫണ്ട്(ജനറൽ)- 8,00000/-വകയിരുത്തിയെങ്കിലും ഒരാൾക്ക് മാത്രമേ തൻവർഷം ആനുകൂല്യം നൽകിയുള്ളൂ. അതും പൂർണ്ണമായി നൽകിയില്ല.

പഞ്ചായത്തിലെ അഗതി കുടുബങ്ങൾക്കായി കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.01.2019-ലെ കെഎസ്/എൽ/513/2019(2) ഉത്തരവ് പ്രകാരം ഭക്ഷണം, ചികിത്സ, വസ്ത്രം, വീട്, കുടിവെള്ളം, വിദ്യാഭ്യാസം, വീട് പുനരുദ്ധാരണം, വൈദ്യുതീകരണം, മെഡിക്കൽ ക്യാമ്പ്എന്നീ ഇനങ്ങളിലായി 3,91,91,970/- രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്. ആയതിൽ കുടുബശ്രീ മിഷൻ 30,45,470/- രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനം 3,59,74,000/- രൂപയും വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം കുടുബശ്രീ മിഷൻ ചലഞ്ച് ഫണ്ടിന്റെ ഒന്നാം ഗഡുവായി 02.12.2019- ന് 6,24,126/-രൂപയും (മുൻബാക്കിയുള്ള ചലഞ്ച് ഫണ്ട് 3,91,031/- കഴിച്ച്) 29.12.2020-ന് രണ്ടാം ഗഡുവായി 10,15,157/- രൂപയും അനുവദിച്ചു. ആയത് പ്രധാനമായും ഭക്ഷ്യകിറ്റ് നൽകുവാൻ വിനിയോഗിച്ചു. നാളിതുവരെയായി ആശ്രയ

ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനു മാത്രമേ പഞ്ചായത്ത് തുക അനുവദിച്ചിട്ടുള്ളൂ. 5 ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിനുമായി പദ്ധതി വിഹിതത്തിൽ നിന്ന് 5,00000/- രൂപയാണ് അനുവദിച്ചത്.

അഗതികളുടെ സമഗ്രവികസനത്തിനായി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വീട്, ഭൂമി, കുടിവെള്ളം, വൈദ്യുതി എന്നീ ക്ലേശഘടകങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. നിലവിലും വീടില്ലാത്ത 27 ഗുണഭോക്താക്കളാണുള്ളത്. അതിൽ 11 പേർ അടുത്ത് പുറത്തിറങ്ങിയ ലൈഫ് മിഷൻ കരട് ലിസ്റ്റിൽപ്പോലും ഉൾപ്പെട്ടിട്ടില്ല. ഭവന പുനരുദ്ധാരണം ആവശ്യമുള്ള 11 ഗുണഭോക്താക്കളുമുണ്ട്. വിവിധ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ ആശ്രയ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകേണ്ടതാണെങ്കിലും അപ്രകാരമുള്ള നടപടി പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. നാളിതുവരെയായി പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ -ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗിനായി പ്രസിഡന്റ് അദ്ധ്യക്ഷനായ മോണിറ്ററിംഗ് സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിയിട്ടുമില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി- 16/2020-21/ 15.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന അവശരും ആലംബഹീനരുമായവരുടെ സമഗ്രമായ ഉന്നമനത്തിനായുള്ള പദ്ധതിയിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും തന്നെ പഞ്ചായത്ത് നടത്തിയിട്ടില്ല. പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യാത്തതുമൂലമാണ് ഈ അവസ്ഥ സംജാതമായത്. പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഇവരുടെ ഉന്നമനത്തിനായി സമയബന്ധിതമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതും കൃത്യമായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതുമാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 മത്സ്യകൃഷി പ്രോത്സാഹനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയില്ല

1)

| | |
|---|---|
| പ്രൊജക്ട് | മത്സ്യകൃഷി വികസനം-വീട്ടുവളപ്പിലെ പടുതാക്കുളം -പ്രൊജക്ട് നം.178/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 14,76,000/-(വികസന ഫണ്ട്-3,93,600/-,സംസ്ഥാനാവിഷ്കൃത ഫണ്ട്-1,96,800/-,ഗുണ.വിഹിതം-8,85,600/-) |
| ചെലവ് | 0 |

2)

| | |
|---|---|
| പ്രൊജക്ട് | മത്സ്യകൃഷി വികസനം-ബയോഫ്ലോബ് മത്സ്യകൃഷി -പ്രൊജക്ട് നം.179/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 11,04000/-(വികസന ഫണ്ട്-2,94,400/-,സംസ്ഥാനാവിഷ്കൃത ഫണ്ട്- |

| | |
|---|---|
| | 1,47,200/-,ഉണ.വിഹിതം-6,62,400/-) |
| ചെലവ് | 0 |

കൃഷി ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥയായി മത്സ്യകൃഷി വികസനത്തിന് ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല. ശ്രീമതി ഫിയോന ഡി.എസ് എന്നവരെ നരിപ്പറ്റ പഞ്ചായത്തിലെ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥയായി 27.10.2020-ലെ 12-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചുവെങ്കിലും പദ്ധതികൾ നടപ്പിലാക്കിയില്ല. ഇതിന് വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി- 19/2020-21/15.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ നടപ്പിലാക്കാത്തതുമൂലം ലക്ഷകണക്കിന് രൂപയുടെ പദ്ധതി പണം പാഴായി എന്നുമാത്രമല്ല മത്സ്യകൃഷി മേഖലയുടെ സമഗ്ര വികസനവും സാധ്യമായില്ല. വരും വർഷങ്ങളിൽ മത്സ്യകൃഷി മേഖലയുടെ സമഗ്രവികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-27 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 20-21 സംക്ഷിപ്തം പ്രകാരം 13,56,574/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു. വിവിധ അക്കൗണ്ടുകളിലായി 2011-12 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞ നിലനിൽത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽ കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

### 1-28 പഞ്ചായത്ത് പ്രദേശത്തെ മരം മുറിച്ചത് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷ ഓഡിറ്റിന്റെ ഭാഗമായുള്ള തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ താഴെപറയുന്ന വൗച്ചർ പ്രകാരം മരം മുറിച്ചതിനുള്ള കൂലി നൽകിയതായി കാണുന്നു.

| ക്രമ നം | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 22000190 | 01-07-2020 | 4,500 |
| 2 | 22001000 | 23-03-2021 | 15,600 |

എന്നാണ് മരം മുറിച്ചതെന്നോ, എത്ര മരമാണ് മുറിച്ചത് എന്നോ, മുറിച്ച മരം എന്ത് ചെയ്തെന്നോ, മരം മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഫയൽ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/20-21,dtd 15-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 13.06.2022, 14.06.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | കന്നുകുട്ടി പരിപാലനം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6,00,000 | കറവപശുക്കൾക്ക് കാലിത്തീറ്റ | 6,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | സാന്ത്വന പരിചരണം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,25,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 3,25,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 69,879 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 69,879 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,01,401 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസന്റീവ് | 1,01,401 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,05,997 | വായാട് അങ്കണവാടി കെട്ടിടനിർമ്മാണം | 5,05,997 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,12,233 | ലൈഫ് ഭവന നിർമ്മാണം(എസ്.ടി) | 1,12,233 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 12,75,000 | കറവപശു വിതരണം വനിതകൾക്ക് | 12,75,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,13,438 | മുട്ടഗ്രാമം വനിതകൾക്ക് | 1,13,438 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4,78,800 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 4,78,800 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | നമ്പാപൊയിൽ ലക്ഷം വീട് കോളനി കുടിവെള്ള കണക്ഷൻ | U000000787485580, തീ-15.05.2020 | 2,00,000 | 2,00,000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചട |
|---|---|---|---|---|---|

| | | വായ്പ | ബാക്കിയുണ്ടായിരുന്ന തുക | | | പ്ലാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018.ത.സ്വ.ഭ.വ തീയതി-18/08/2018 | - | 2,42,41,764 | 18,87,098 | -- | 2,23,54,666 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 21,80,000 |
| തൻവർഷം നിക്ഷേപിച്ച തുക | 1,96,200 |
| ആകെ | 23,76,200 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23,76,200 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്, കക്കട്ടിൽ | 04/02/2020 | 12 മാസം | 11,88,100 | |
| 2 | കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്, കക്കട്ടിൽ | 04/02/2020 | 12 മാസം | 11,88,100 | |
| ആകെ | | | | 23,76,200 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 (മറ്റ് പരാമർശം) | 11.14 | പൂർത്തീകരിക്കാത്ത ജലസേചന പദ്ധതി | തുടരുന്നു |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.14 | കല്ലുമ്മൽ-പാറേന്റെ മീത്തൽ റോഡ് | തുടരുന്നു |
| 1998-99 | 1 | 2004-05 (പൊതു പരാമർശം) | 11.1.2.1 | ബജറ്റിന്റെ കോപ്പി, മിനുട്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല | തുടരുന്നു |
| 1998-99 | | 2004-05 (പൊതു പരാമർശം) | 11.3(1)(24) | നികുതി പിരിവിൽ അലംഭാവം | തുടരുന്നു |
| 1999-2000 | | 2004-05 (പൊതു പരാമർശം) | 11.1.3.49 | നികുതി പിരിവിൽ അലംഭാവം | തുടരുന്നു |
| 2000-01 | 3.3 | 2005-06 | 2.70.1.9.15 | തൊഴിൽ നികുതി രജിസ്റ്റർ കൃത്യമല്ല | 2014-16 ഖ25 എൽ.എഫ്. എ.സി റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു. |
| 2000-01 | 2-1 | 2005-06 | 2.70.1.11.22 | രജിസ്റ്റർ കൃത്യമല്ല | 014-16 ഖ-31 എൽ.എഫ്. എ.സി റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ |

| | | | | | |
|---|---|---|---|---|---|
| | | | | | ശുപാർശ ചെയ്യു. |
| 2000-01 | 2-3 | 2016-17 | 2.70.1.11.22 | തൊഴിൽ നികുതി പിരിച്ചിട്ടില്ല | |
| 2015-16 | 2-1 | 2016-17 | അനുബന്ധം – 5 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 9(1) | ശ്രീ.ഐ നാരായണൻ | എൽ. എഫ്. / 14146/ SP Cell. Sc4/ 2000/ 20.10.01 | 295 | | - | - | - | | 295 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,23,24,595 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,95,85,250 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70,88,188 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| -ഇല്ല- | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 39,00,000 | സാബു.എ, വി.ഇ.ഒ |
| 1-24 | 31,88,188 | ഡോ.ജിത്തു.കെ.എസ്, വെറ്ററിനറി സർജൻ |
| ആകെ | 70,88,188 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-11 102646 ഫീസ്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സതീഷ് ബാബു.പി.കെ, സെക്രട്ടറി | വിരമിച്ചു | സ്നേഹതീരം, നിട്ടുംമ്പ്രം, ചൊക്ലി (പി.ഒ), തലശ്ശേരി, കണ്ണൂർ-670672 |
| ഡോ.ജിത്തു.കെ.എസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് | നീലാംബരി, കാവിൽ(പി.ഒ), നടുവണ്ണൂർ, കോഴിക്കോട്-673614 |
| സാബു.എ, വി.ഇ.ഒ | വി.ഇ.ഒ, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, കൊല്ലം | ഷിബുമന്ദിരം, മതിലിൽ(പി.ഒ), കൊല്ലം-691601 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(8)/2011 തീ-18.6.01 | 1 | 16 |
| 1996-97 ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി3/1048 /2019(1) തി-10.07.2020 | 3 | വരവ്-ഖ-28, ചെലവ്- ഖ-17,18 |
| 1996-97 പദ്ധതി | എൽ.എഫ്.കെ.കെ.ഡി.പി6/ 833(5)/2010/ തി-11.2.2011 | 7 | 5,6,9(1), 9(2), 10,15,19 |
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.പി3/ | 3 | 18,21,24 |

| | | | |
|---|---|---|---|
| പദ്ധതി | 1048/19(2)<br>തീ-10.07.2020 | | |
| 1998-99<br>ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.പി6/<br>1689(12)/2011 തീ:6-12-2011 | 5 | 1എ,8,21,22,<br>24ബി |
| 1998-99<br>പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/<br>2019(3) തി.26.08.2020 | 6 | 22,23,25,26, 28, 29 |
| 1999-00<br>ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി പി6/<br>1689/ 2011തീ:8-12-2011 | 4 | 1സി,21,<br>22(1), 22(2) |
| 1999-00<br>പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/<br>2019(4) തി.26.08.2020 | 5 | 8,9,12,16,17 |
| 2000-01<br>വരവ് –<br>ചെലവ് | എൽ.എഫ്.കെ.കെ.ഡി/പി6/<br>1689(17)/2011 തീ: 8-12-2011 | 10 | 2-1,2-3,3-1, 3-2,3-3,<br>3-4,3-5,3-6,3-7,3-8 |
| 2000-01<br>പദ്ധതി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/<br>2019(5-ബി) തി.26.08.2020 | 4 | 3,4(2),5,11,12 |
| 2001-02<br>ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി.പി3/1048/<br>2019(5-എ) തി.26.08.2020 | 2 | 2-1,2-2 |
| 2001-02<br>പദ്ധതി | എൽ.എഫ്.കെ.കെ.ഡി/പി6/<br>1689(19)/11/ തീ:8-12-2011 | 7 | 3,4(1), 4(2),<br>5,7,11,12 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി3/1048/<br>2019(6) തി-25.08.2020 | 5 | 2-2,2-4,3-3,3-4,3-7 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി3/1048/<br>2019(7) തി.26.08.2020 | 3 | 3-5,3-6,3-7 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി3/1048<br>/2019(3) തി.26.08.2020 | 13 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി6/1820/<br>2011/തീ:4-1-2012 | 21 | 2-1(1), 2-1(2), 2-2,<br>2-3,2-4,2-5,<br>3-1,3-2,3-3,3-4,3-5,<br>3-6, 3-7, 3-8, 3-9,<br>3-10,3-11,<br>3-12,3-13(1,2),<br>3-14, 4-1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി6/642/<br>10/തീ:28-10-2010 | 13 | 2-4,2-5,2-6,2-7,3-1,<br>3-2,3-4,3-5,3-6,<br>3-8,3-9,3-14,3-15,<br>3-16 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി6/455/11/<br>തീ:5-02-2011 | 23 | 1-3,2-1,2-3,2-6,<br>2-7(1),3-1,3-2,3-4,<br>3-5,3-6,3-7,3-8,<br>3-9,3-10,3-11,3-12,<br>3-13,3-14, 3-16(എ),<br>3-16(ബി),3-17,<br>4-2,4-6(ബി) |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി6/1648/ 2012/തി-02-04-2013 | 15 | 2-1,2-2,3-1,3-4,3-5, 3-6,3-7,3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 4-6), 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി6/815/ 2013/തി-17-07-2013 | 10 | 2-1(11), 2-5,3-1, 3-5, 3-6,3-7, 3-8, 3-9,3-11,4-2 |
| 2010-11 &11-12 | കെ.എസ്.എ/കെ.കെ.ഡി/ പി6/1600/2014 തി-12.11.2014 | 19 | 1-5, 1-6, 1-7, 1-8, 2-1, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-16, 3-17, 3-18, 4-1 |
| 2012-13, 2013-14 | കെ.എസ്.എ/കെ.കെ.ഡി/ പി9/ 1007/2017 തി-12.10.2017 | 24 | 2-2,2-3,3-1,3-2, 3-3,3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20,3-21 3-22, 4-8B |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി9/ 1739/16 തി-25.03.2017 | 12 | 2-2,3-1,3-4(1), 3-5, 3-7, 3-10,3-12, 3-13, 3-14,3-15,3-17,3-19 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി9/ 960/ 2017/12-06-2017 | 10 | 2-1,2-2,2-3,3-1, 3-2,3-3(1,2)4-3, 4-4,4-6 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി17/ 866/ 2018/12-06-2018 | 8 | 2-1,2-4,2-5, 3-1(1), 3-1(2), 3-2, 3-8, 3-10, 3-13 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി17/ 1207/ 2019/05.05.2020 | 20 | 1-12(1-2),2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-13, 3-14, 3-16, 3-17, 3-18 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി3/1212/ 2020 തി-14.01.2021 | 28 | 1-4(7),1-5(1),1-5(2), 1-5(3),1-5(4),1-5(5), 1-5(6),1-6(1,3), 1-7,1-8,1-9,1-10, 1-13,1-16, 1-17,1-18,1-19,1-20, 1-21,1-22,1-23, 1-24,1-27(2), 1-27(3),1-29, 1-30,4-10,4-11 |

| | | | |
|---|---|---|---|
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി3/479/2022 തി-16.03.2022 | 25 | 1-1,1-2,1-3,1-4,1-5,1-6,1-7,1-8,1-9,1-10,1-11,1-12,1-13,1-14,1-15,1-16,1-17,1-18,1-19,1-20,1-21,1-22,1-23,1-24,1-25 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്